# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1648 — 03.05.2017-ൽ മറുപടിയ്ക്ക്

### ആയുർവേദ സർവകലാശാല

| ചോദ്യം<br>ശ്രീ.ഒ.രാജഗോപാൽ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കണ്ണൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനം ആയിട്ടുണ്ട്.<br>ഇത് കേന്ദ്ര പദ്ധതി അല്ല. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുകയും, കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് എല്ലാവിധ സഹായങ്ങളും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br>റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിന് നോഡൽ ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ തീരുമാനിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി ഇൻസ്റ്റിറ്റ്യൂട്ടിനായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | ഇത് കേന്ദ്ര സർക്കാരിന്റെ പദ്ധതി ആണോ; | | |
| (സി) | ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാണോ; ഇതിൽ സംസ്ഥാന സർക്കാർ എത്ര രൂപയാണ് വഹിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ